**എൽ.എസ്.ജി.ഡിസെക്ഷൻ**
**നൂറനാട് ഗ്രാമപഞ്ചായത്ത്**

No:-29/AE/LID & EW/NGP/2026-27

തീയതി:-02/09/2026

**ഹ്രസ്വകാല ക്വട്ടേഷ നോട്ടീസ്**

നൂറനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്റ്റ് നമ്പർ 111/2026-27 പ്രകാരം"എൽ.എസ്.ജി.ഡി ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ" എന്ന പദ്ധതിക്കായി,കരാറുടമ്പടിയിൽ ഏർപ്പെടുന്ന ദിവസം മുതൽ ഒരു വർഷത്തേക്ക് A/C വാഹനം (കാർ/ജീപ്പ്) പ്രതിമാസ വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ടവിലാസം :

അസിസ്റ്റന്റ്എഞ്ചിനീയര്
എൽ.എസ്.ജി.ഡിസെക്ഷന്
നൂറനാട് ഗ്രാമപഞ്ചായത്ത്
പടനിലം പി. ഓ നൂറനാട്,പിൻ:690529

ക്വട്ടേഷൻസ്വീകരിക്കുന്ന അവസാന തീയതി : 15-09-2026, 3:00 PM വരെ

ക്വട്ടേഷൻതുറക്കുന്ന തീയതി : 15-09-2026, 4:00 PM

**വ്യവസ്ഥകൾ**

1. വാഹനം മികച്ച പ്രവർത്തന ക്ഷമതയുള്ളതും, 2017നു ശേഷമുള്ള തുമായിരിക്കണം.
2. താൽക്കാലികമായി അംഗീകരിക്കപ്പെടുന്ന വാഹന ഉടമ, സ്വന്തം ചിലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനകം അന്തിമ കരാർവെക്കേണ്ടതാണ്.
3. ഇന്ധന ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ്തുടങ്ങിയ എല്ലാ ചിലവുകളും വാഹന ഉടമ (കരാറുകാരൻ) വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടുന്ന നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.
4. വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും,ആയതിന്റെ പകർപ്പുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
6. കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ്.
7. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി, അടങ്കൽ തുകയുടെ 5 % സെക്യൂരിറ്റി ഡെപ്പോസിറ്റ്ഹാജരാക്കേണ്ടതും, കരാർലഭിക്കുന്ന തുകയുടെ 1 % റ്റി.ഡി.എസ് ഇനത്തിൽ ട്രഷറിയില്ഒടുക്കേണ്ടതുമാണ്.
8. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം നൽകാൻ കഴിയാതെ വന്നാൽ, പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
9. അവധി ദിവസങ്ങൾ ഉൾപ്പെടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
10. സാധാരണ പ്രവർത്തി സമയം10:00 AM മുതൽ 5:00 PM വരെ ആയിരിക്കുന്നതും, എന്നാൽ ആവശ്യാനുസരണം 8:00 AM മുതൽ 6:00 PM വരെ വ്യത്യാസപ്പെടാവുന്നതുമാണ്.
11. കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ, കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.
12. വാഹനത്തിന്റെ ലോഗ്ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ യഥാസമയം, കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.
13. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും payment കണക്കാക്കുന്നതിന് പരിഗണിക്കുക.
14. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകാ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.
15. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നൂറനാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ്എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)
അസിസ്റ്റന്റ്എഞ്ചിനീയർ
എൽ.എസ്.ജി.ഡിസെക്ഷൻ
നൂറനാട് ഗ്രാമപഞ്ചായത്ത്

പകർപ്പ്

1. നോട്ടിസ്ബോർഡ്
2.എൽ.എസ്.ജി.ഡിവെബ്സൈറ്റ്
3. കരുതൽഫയൽ

## ഹ്രസ്വകാല ക്വട്ടേഷൻ നോട്ടീസ്

## എൽ.എസ്.ജി.ഡിസെക്ഷന്, നൂറനാട് ഗ്രാമപഞ്ചായത്ത്

| | |
|---|---|
| ക്വട്ടേഷൻസമർപ്പിക്കുന്നവ്യക്തിയുടെപേര് | |
| മേൽവിലാസം | |
| ഫോൺനമ്പർ | |
| വാഹനത്തിന്റെതരം | |
| വാഹനത്തിന്റെമോഡൽ | |
| വാഹനത്തിന്റെരെജിസ്ട്രഷൻനമ്പർ | |
| വാഹനത്തിന്റെരെജിസ്ട്രഷൻതീയതി | |
| 2000 കി.മിവരെഓടുന്നതിനുള്ളവാടകപ്രതിമാസം | |

ഒപ്പ് :

സമർപ്പിക്കുന്നവ്യക്തിയിടെപേര് :

മേൽവിലാസം :